"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 12.10.2023

# "കൈക്കൂലി കേസിൽ ഇടുക്കി കളക്ടറേറ്റിലെ മുൻ ക്ലാർക്കിനെ ശിക്ഷിച്ചു."

ഇടുക്കി കളക്ടറേറ്റിലെ ക്ലാർക്കായിരുന്ന എസ്. സോവിരാജിനെ 9,000/- രൂപ കൈക്കൂലി വാങ്ങിയതിന് കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂവാറ്റുപുഴ വിജിലൻസ് കോടതി രണ്ടു വർഷം തടവിനും 10,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (12/10/2023) ശിക്ഷിച്ചു.

2007 ഡിസംബർ മാസത്തിൽ മണൽ കടത്ത് പിടികൂടുന്നതിന് നിലവിലുണ്ടായിരുന്ന ഇടുക്കി കളക്ടറേറ്റിലെ പ്രത്യേക സ്ക്വാഡിലെ അംഗമായിരുന്ന സോവിരാജ് പാസുള്ള മണലുമായെത്തിയ ലോറി തടഞ്ഞുനിർത്തി പാസ് പരിശോധിക്കുകയും, പരിശോധിച്ചശേഷം ഡ്രൈവറുടെ ലൈസൻസ് വാങ്ങിക്കൊണ്ടുപോവുകയും ചെയ്തു. ഡ്രൈവർ ലൈസൻസ് തിരികെ ചോദിച്ചപ്പോൾ ഫോൺ നമ്പർ എഴുതി നൽകിയശേഷം അന്നേദിവസം വൈകുന്നേരം പൈനാവിലുള്ള കോർട്ടേഴ്സിൽ വന്നുകാണാൻ ആവശ്യപ്പെട്ടു. കോർട്ടേഴ്സിൽ എത്തിയ ഡ്രൈവറോട് പാസില്ലാതെ തുടർന്നും കൂടുതൽ മണൽ കടത്താൻ സഹായിക്കാമെന്നും, ലൈസൻസ് വിട്ടു നൽകുന്നതിനുമായി ഇരുപതിനായിരം രൂപ കൈക്കൂലി ആവശ്യപ്പെട്ടു. ഡ്രൈവർ ഇത്രയും തുക നൽകാൻ സാധിക്കില്ലായെന്ന് വിഷമം പറഞ്ഞതിനെ തുടർന്ന് കൈക്കൂലി തുക 9,000/- രൂപയായി കുറച്ചുനൽകുകയും, ആദ്യഗഡുവായി 4,000/- രൂപ കൈപ്പറ്റുകയും ചെയ്തു. അവശേഷിക്കുന്ന 5,000/- രൂപയുമായി വരുന്നസമയം ലൈസൻസ് വിട്ടു നൽകാമെന്ന് അറിയിച്ചതിനെ തുടർന്ന് പരാതിക്കാരൻ അന്നത്തെ ഇടുക്കി വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. അലക്സ് എം വർക്കിയെ കണ്ട് പരാതി പറയുകയും, തുടർന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി രണ്ടാം ഗഡുവായ 5,000/- രൂപ

പൈനാവിൽ വച്ച് വാങ്ങവെ സോവിരാജിനെ കൈയോടെ പിടികൂടിയതിലേക്ക് രജിസ്റ്റർ ചെയ്ത കേസിലാണ് സോവിരാജ് കുറ്റക്കാരനാണെന്ന് കണ്ടെത്തി മൂവാറ്റുപുഴ വിജിലൻസ് കോടതി രണ്ടുവർഷം തടവിനും പതിനായിരം രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്. ഇടുക്കി വിജിലൻസ് യൂണിറ്റ് മുൻ ഡി.വൈ.എസ്.പി ശ്രീ. പി. റ്റി. കൃഷ്ണൻകുട്ടിയാണ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. സരിത വി. എ. ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.